നം.1178/ഇ2/2010/കെഎസ്എച്ച്ഒ 16/11/2021

# കുടുംബശ്രീ കരാർ നിയമനം

## വിജ്ഞാപനം - (Code :MFS-PMAY)

കുടുംബശ്രീ മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന പ്രധാൻമന്ത്രി ആവാസ് യോജന -ലൈഫ് (പി.എം.എ.വൈ) പദ്ധതിയുടെ ഭാഗമായുള്ള **മുനിസിപ്പൽ ഫിനാൻസ് സ്പെഷ്യലിസ്റ്റ്** തസ്തികയിലുള്ള ഒഴിവുകളിലേയ്ക്ക് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം കരാർ വ്യവസ്ഥയിലായിരിക്കും.

| | | | |
|---|---|---|---|
| 1. | **തസ്തിക** | : | മുനിസിപ്പൽ ഫിനാൻസ് സ്പെഷ്യലിസ്റ്റ്, പി.എം.എ.വൈ |
| 2. | **ഒഴിവ്** | : | 1 (വിവിധ നഗരസഭ/കോർപ്പറേഷനുകളിൽ) |
| 3. | **നിയമന രീതി** | : | കരാർ നിയമനം<br>(കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2022 വരെ യായിരിക്കും കരാർ കാലാവധി) |
| 4. | **വിദ്യാഭ്യാസ യോഗ്യത** | : | അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഫിനാൻസ്/ കൊമേഴ്സിൽ ബിരുദാനന്തര ബിരുദം |
| 5. | **പ്രായപരിധി** | : | 01/11/2021 ന് 40 വയസ്സിൽ കൂടാൻ പാടില്ല |

6. **പ്രവൃത്തിപരിചയം**

1. കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലോ, അർദ്ധ സർക്കാർ സ്ഥാപന ങ്ങളിലോ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധഡെവല പ്പ്മെന്റ് പ്രോജ്ക്ടുകളിലോ, മികച്ച സ്ഥാപനങ്ങളിലോ ഉള്ള 5 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധമാണ്.
2. ഫിനാൻസിലും അർബൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റുകളുടെ ഇവാ ലുവേഷനിലും പ്രോജക്ടുകൾ ഫിനാൻസ് ചെയ്യുന്നതിൽ ഗവണ്മെന്റിനെ പല ഓപ്ഷനുകൾ നൽകി സഹായിക്കുന്നതിലും മുൻസിപ്പൽ ഫിനാൻസ്, പ്രോജക്ട് ഫിനാൻസ്, റിസോഴ്സ് മൊബിലൈസേഷൻ, മുതലായവയിൽ നിർദ്ദേശങ്ങൾ നൽകുന്നതിലും മുൻപരിചയവും ഉള്ളവർക്ക് മുൻഗണന.
3. കുടുംബശ്രീയിൽ പ്രവർത്തനപരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

7. **വേതനം** : 40,000 രൂപ പ്രതിമാസം.

8. **ജോലിയുടെ സ്വഭാവം**

    1. പി.എം.എ.വൈ-ലൈഫ് പദ്ധതിയുടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള ആസൂത്രണവും ഏകോപനവും.
    2. സംസ്ഥാനത്തിനകത്തും, പുറത്തുമായി ഫീൽഡ്തല പ്രവർത്തനങ്ങൾ
    3. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

    1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
    2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്.
    3. അപേക്ഷാർത്ഥികൾ **500** രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

10. **നിയമനപ്രക്രിയ**

    1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.
    2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച്, അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തു പരീക്ഷയും, ഇന്റർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇന്റർവ്യൂവുമോ ഏതാണോ അനുയോജ്യമായത് ആ രീതിയിൽ നിയമന പ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
    3. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇതിൽ ഫീൽഡ്തല പ്രവൃത്തിപരിചയം ഉള്ളവിവരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

11. **അപേക്ഷകൾ <u>www.cmdkerala.net</u> എന്ന വെബ്സൈറ്റിലൂടെ Online – ആയി സമർപ്പിക്കേണ്ടതാണ്.**

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : 08/12/2021, വൈകുന്നേരം 5 മണി

13. മറ്റു നിബന്ധനകൾ

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകളും, നിശ്ചിത യോഗ്യതകൾ ഇല്ലാത്ത അപേക്ഷകളും പരിഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.
6. പ്രസ്തുത തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ട പ്രവൃത്തിപരിചയം നിയമനം ലഭിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. ടി തസ്തികയിൽ നിയമനം ലഭിച്ചാൽ മുൻ പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ